**No. 117/2017**

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

സർവ്വ സൃഷ്ടികളെയും കരുതുകയും സ്നേഹിക്കുകയും മാനിക്കുകയും ചെയ്യേണ്ടത് സൃഷ്ടിയുടെ മകുടമായ മനുഷ്യന്റെ കടമയാണ്. പ്രകൃതിയെയും ജീവജാലങ്ങളെയും കരുതുവാനുള്ള ആഹ്വാനമാണ് ദൈവം മനുഷ്യർക്ക് നൽകിയിരിക്കുന്നത് എന്ന വസ്തുത മറന്നുകൊണ്ട് ചൂഷണ-ഉപഭോഗ സംസ്കാരത്തിലൂടെ മനുഷ്യൻ പാപം ചെയ്തുകൊണ്ടിരിക്കുന്നു. ജീവന്റെ നിലനിൽപിനുതന്നെ ഭീഷണിയായ പരിസ്ഥിതി പ്രശ്നങ്ങൾ മുഴുവനും ഇതിന്റെ പരിണിത ഫലമാണ്. കേരളത്തിലെ പല ജില്ലകളിലും ഈ വർഷം അനുഭവപ്പെട്ട കൊടും വരൾച്ച വരും കാലങ്ങളിൽ നാം അനുഭവിക്കാൻ പോകുന്ന ഗൗരവമേറിയ പ്രശ്നങ്ങളുടെ വ്യക്തമായ സൂചനയാണ്. ഈ സാഹചര്യത്തിൽ ജലം ഉൾപ്പെടെയുള്ള പ്രകൃതിവിഭവങ്ങളുടെ ഉപയോഗം സൂക്ഷ്മതയോടെ നിർവ്വഹിക്കുവാൻ നാം പ്രത്യേകം ശ്രദ്ധിക്കണം.

പരിസ്ഥിതി പ്രശ്നങ്ങളെ തിരിച്ചറിഞ്ഞ് ആദ്ധ്യാത്മിക അടിത്തറയിൽ അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുവാനും അവ പ്രാവർത്തികമാക്കുവാനും പരിശുദ്ധ സഭയ്ക്ക് ചുമതലയുണ്ട്. സഭയുടെ പരിസ്ഥിതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ദിശാബോധം നൽകുന്നതിനും നിയോഗിക്കപ്പെട്ട സഭാ പരിസ്ഥിതി കമ്മീഷന്റെ പ്രവർത്തനങ്ങൾ ഇടവകകളിൽ ഊർജ്ജിതപ്പെടുത്തി മെത്രാസന-കേന്ദ്രതലങ്ങളുമായി ബന്ധിപ്പിക്കേണ്ടതാണ്. ലോക പരിസ്ഥിതി ദിനമായ ജൂൺ 5 ഈ വർഷം തിങ്കളാഴ്ച ആകയാൽ ജൂൺ 4 പെന്തിക്കോസ്തി ഞായറാഴ്ച വി. കുർബ്ബാനയ്ക്ക് ശേഷം പള്ളികളിൽ പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നൽകുന്ന വിവിധകർമ്മ പദ്ധതികൾ ആത്മീയ സംഘടനകളുമായി ഏകോപിപ്പിച്ച് നടപ്പാക്കുകയും ചെയ്യണം.

വെള്ളം വാഴ്വിന്റെ ശുശ്രൂഷയിലൂടെ, ജല സ്രോതസ്സുകളെ മുഴുവൻ അനുഗ്രഹിക്കുന്ന ദിവസം കൂടിയാണെല്ലോ പെന്തിക്കൊസ്തി ദിനം. ഈ പ്രത്യേകദിനം "ജലദിനം" കൂടിയായി നാം ആചരിക്കുകയാണ്. നമ്മുടെ നദികളും പുഴകളും ദൈവത്തിന്റെ വരദാനമാണെന്നും അവയെ മലിനമാക്കാതെ കാത്തു സൂക്ഷിക്കണമെന്നുമുള്ള തിരിച്ചറിവ് സഭാമക്കളിൽ ഉണ്ടാകണം. ജലലഭ്യത ഉറപ്പുവരുത്തുവാനുള്ള ബോധവത്ക്കരണവും സംവിധാനങ്ങളും ഉണ്ടാക്കുകയെന്നത് നമ്മുടെ ദൗത്യമാണ്. അതിനായി മഴക്കുഴികളും മഴവെള്ള ശേഖരണികളും നിർമ്മിച്ച് പെയ്തിറങ്ങുന്ന മഴയെ നല്ല നാളേക്കു വേണ്ടി കരുതി വെക്കാം. അങ്ങനെ പരിസ്ഥിതിക്ക് അനുരൂപമായ ഒരു ജീവിത ശൈലി വളർത്തിയെടുത്ത് സമൂഹത്തിന് മാതൃകയാവാൻ നമുക്ക് സാദ്ധ്യമാകട്ടെ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2017 മെയ് മാസം 16 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.